**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5191** **02-11-2021 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളുടെ സോഫ്റ്റ്‌വെയറുകൾക്ക് ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാലകളിലെ ബിരുദ, ബിരുദാനന്തര കോഴ്സുകളിലേക്കുള്ള അഡ്മിഷൻ, പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ, ഫലപ്രസിദ്ധീകരണം എന്നീ പ്രവർത്തനങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത, യഥാസമയമുള്ള അപ്ഡേഷൻ എന്നിവ പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ; | (എ) | മഹാത്മാഗാന്ധി സർവ്വകലാശാല - സർവകലാശാലയിൽ അഡ്മിഷൻ, പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ, ഫലപ്രസിദ്ധീകരണം എന്നീ കാര്യങ്ങൾ നിർവഹിക്കുന്നത് ഓൺലൈൻ മുഖാന്തിരമാണ്. ഇത് നിർവഹിക്കുവാൻ വേണ്ടി സർവകലാശാലയിൽ ഒരു സാങ്കേതിക പരിജ്ഞാനവും, പരിചയ സമ്പത്തുമുള്ള വിഭാഗം തന്നെ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം ജീവനക്കാർ കാലാകാലങ്ങളിൽ നടത്തേണ്ട ഓഡിറ്റിംഗ്, ടെസ്റ്റിംഗ്, അപ്ഡേഷൻ എന്നിവ അതാത് മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പൂർത്തീകരിക്കാറുണ്ട്. കണ്ണൂർ സർവ്വകലാശാല - കണ്ണൂർ സർവ്വകലാശാലയിൽ നിലവിൽ ജോലിചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ ഓപ്പറേറ്റിങ് സിസ്റ്റം, സോഫ്റ്റ് വെയർ എന്നിവയുടെ അപ്ഡേഷൻ നടന്നുവരുന്നു. കൂടാതെ സെക്യൂരിറ്റി ഫയർവാൾ സംവിധാനം നിലവിലുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - ബിരുദ-ബിരുദാനന്തര കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ, പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ, ഫലപ്രസിദ്ധീകരണം തുടങ്ങിയവയ്ക്കായി പ്രവർത്തിച്ച വരുന്ന സോഫ്റ്റ് വെയർ ഡെവലപ്പേഴ്സ് അടങ്ങിയ രണ്ട് ടീമുകളും സോഫ്റ്റ് വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത, യഥാസമയമുള്ള അപ്ഡേഷൻ എന്നിവ ഉറപ്പ വരുത്തുന്നുണ്ട്. ന്യുവാൽസ് - അഡ്മിഷൻ, ഡിഗ്രി സർട്ടിഫിക്കറ്റ് മുതലായവ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തി വരുന്നു. ന്യുവാൽസിൽ ഓഫീസ് ഓട്ടോമേഷൻ നടപടിക്രമങ്ങൾ നടന്നുവരുന്നു. സർവ്വകലാശാലയിൽ ഡിജിലോക്കർ സിസ്റ്റം നിലവിലുണ്ട്. എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല -MeitY (ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ |

| | | | |
|---|---|---|---|
| | | | ടെക്നോളജി മന്ത്രാലയം) നിശ്ചയിച്ചിട്ടുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിനായുള്ള നയ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി, സ്റ്റേറ്റ് ഡാറ്റാ സെന്റർ II-ൽ (SDC-II, കേരള സ്റ്റേറ്റ് ഐടി മിഷൻ) വിന്യസിച്ചിട്ടുള്ള ഇ-ഗവേണൻസ് സംവിധാനം സംബന്ധിച്ച് താഴെപ്പറയുന്ന സുരക്ഷാ നടപടിക്രമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 1. Vulnerability Assessment (CERT-k) 2. System Performance Monitoring : DARPAN (c-DAC) 3. Penetration Testing: SDC Firewall കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ വിവിധ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ, പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ, ഫലപ്രസിദ്ധീകരണം എന്നീ പ്രവർത്തനങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ സർവ്വകലാശാല നേരിട്ട് വികസിപ്പിച്ചെടുത്തതാണ്. ആയതിനാൽ ഇതിന്റെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത, അപ്ഡേഷൻ എന്നിവ സർവ്വകലാശാലയുടെ അഡ്മിഷൻ വിഭാഗവും, അക്കാദമിക് രജിസ്റ്റർ ഇൻഫർമേഷൻ സിസ്റ്റം ലാബും പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷമാണ് ഉപയോഗിക്കുന്നത്. കാലിക്കറ്റ് സർവ്വകലാശാല - സോഫ്റ്റ് വെയറുകളുടെ കാര്യക്ഷമത കൃത്യത, ഗുണമേന്മ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപഭോക്താക്കൾ പരിഷ്കരണങ്ങൾ യഥാസമയം ഉൾക്കൊള്ളിക്കുന്നുണ്ട്. ബിരുദ-ബിരുദാനന്തര കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ സംബന്ധിച്ച സോഫ്റ്റ് വെയർ യൂണിവേഴ്സിറ്റി ഡയറക്ടറേറ്റ് ഓഫ് അഡ്മിഷന്റെ നിർദ്ദേശപ്രകാരവും പരീക്ഷ സംബന്ധിച്ച സോഫ്റ്റ് വെയർ പരീക്ഷാഭവന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുമാണ് നടപ്പിലാക്കിവരുന്നത്. |
| (ബി) | പ്രസ്തുത സോഫ്റ്റ്‌വെയറുകളുടെ ഓഡിറ്റിംഗിന് ബാഹ്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഏജൻസികളെ നിയമിക്കാനുണ്ടായ സാഹചര്യം, ആവശ്യകത എന്നിവ വിശദമാക്കുമോ; | (ബി) | കാലിക്കറ്റ് സർവ്വകലാശാലയിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ് വെയർ പ്രോഗ്രാമുകളുടെ ഗുണനിലവാരം, പുരോഗതി എന്നിവ വിലയിരുത്താനും സുരക്ഷാ ക്രമീകരണങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും രഹസ്യാത്മകത ഉയർത്തിപ്പിടിക്കുന്നതിനുമായി ഒരു ബാഹ്യ സർക്കാർ ഏജൻസി (CDAC) മുഖേന സോഫ്റ്റ് വെയർ ഓഡിറ്റിംഗ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ MeitY (ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം) നിശ്ചയിച്ചിട്ടുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിനായുള്ള നയ |

| | | | |
|---|---|---|---|
| | | | മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാന മാക്കി, സ്റ്റേറ്റ് ഡാറ്റാ സെന്റർ II-ൽ (SDC-II, കേരള സ്റ്റേറ്റ് ഐടി മിഷൻ) ആണ് ഇ-ഗവേണൻസ് സംവിധാനം വിന്യസിച്ചിട്ടുള്ളത്, സംസ്ഥാന ഡാറ്റാ സെന്ററിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷൻ വിന്യസിക്കുമ്പോൾ നിർബന്ധമായും സോഫ്റ്റ് വെയർ സുരക്ഷാ ഓഡിറ്റ് പൂർത്തിയാക്കേണ്ടതാണ്. CERT-in (ഇന്ത്യ ഗവൺമെന്റിലെ ഇലക്ട്രോണിക്സ് ആൻഡ്ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ) മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി CERT-K ആണ് സർവ്വകലാശാലയുടെ സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുള്ളത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ അഡ്മിഷൻ സോഫ്റ്റ് വെയർ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സോഫ്റ്റ്‌വെയറുകളുടെ ഗുണമേന്മ, കാര്യക്ഷമത, കൃത്യത, യഥാസമയമുള്ള അപ്ഡേഷൻ എന്നിവ ഉറപ്പുവരുത്തുന്നതിൽ സോഫ്റ്റ് വെയർ ഡെവലപ്മെന്റ്, മെയിന്റനൻസ് തസ്തികകളിലെ ജീവനക്കാരിൽ നിന്ന് വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | പ്രസ്തുത സോഫ്റ്റ്‌വെയറുകളുടെ ഉപയോഗക്ഷമത, കൃത്യത, വേഗത എന്നിവയിൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കളിൽ നിന്ന് അഭിപ്രായങ്ങൾ സ്വീകരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സോഫ്റ്റ് വെയറുകളുടെ അപ്ഡേഷനുകൾ വിവിധ തലങ്ങളിൽ ചർച്ച ചെയ്താണ് നടത്തപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ